# മായൻ

ഹരികൃഷ്ണൻ കടമാൻകോട്



മായൻ

ഹരികൃഷ്ണൻ കടമാൻകോട്

(മലയാളം: ചെറുകഥ)

© 2024, Harikrishnan Kadamancode

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Two Brown Frogs, a painting by Otto Marseus van Schrieck (1614/1620–1678). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# മായൻ

മായൻ ഐറണിയുടെ ലോകമാണ്. അതെ, ഇവിടെയെന്തും വിരോധാഭാസമായെ നമുക്ക് അനുഭവപ്പെടുകയുള്ളൂ. ഒരുപക്ഷേ, എന്റെ ചിന്തകളിൽ ഇടം പിടിച്ചു പോയ വസ്തുതകളെ ഇവിടം ലംഘിക്കുന്നതുകൊണ്ടാകാം ഇത്തരമൊരു തോന്നലുണ്ടാകുന്നത്. ഇവിടെ ജനങ്ങൾ രാത്രിയിൽ ഉണരുന്നു രാവിലെ ഉറങ്ങുന്നു. വിചിത്രം തന്നെയല്ലേ? വർണ്ണാഭമായ ലോകത്തെ ഇവർ വെറുക്കുന്നത് കൊണ്ടാണോ ഇങ്ങനെ ചെയ്യുന്നത്? അറിയില്ല.

രാത്രിയിൽ വിടരുന്ന നീലപുഷ്പങ്ങളും അത് ചൂടി നടക്കുന്ന മായനിലെ പുരുഷന്മാരും ഒരു പ്രത്യേക കാഴ്ച തന്നെയാണ്. അരണ്ട വെളിച്ചത്തിൽ അവരുടെ നടത്തം തികച്ചും സംഗീതാത്മകമായെ നമുക്ക് അനുഭവപ്പെടുകയുള്ളൂ. ഇവിടെ മനുഷ്യൻ കേവലമൊരു ജീവിയാണ്. മറ്റ ജീവിവർഗ്ഗങ്ങൾക്ക് തന്റെ ബുദ്ധികൊണ്ടും ശക്തികൊണ്ടും നേരിടാൻ കഴിയുന്ന ഇരുകാലികൾ.

ഇവിടെ ഞാൻ എത്തുന്നതിനു വ്യക്തമായ കാരണമുണ്ടെങ്കിലും എന്താണ് ഇനിയുള്ള പ്ലാൻ എന്നതിൽ കാര്യമായസംശയം ഉണ്ടുതാനും. ഒരുപാട് രാത്രികൾ കഷ്ടപ്പെട്ട് തള്ളി നീക്കി കഴിഞ്ഞിരിക്കുന്നു. മായനിൽ ഒരു ദിവസം ഒരു രാത്രിയാണ് അതു തന്നെയാണ് മാസവും വർഷവും. ചുരുക്കത്തിൽ പറഞ്ഞാൽ ഇവിടെ ദിവസങ്ങളോ മാസങ്ങളോ വർഷങ്ങളോ ഇല്ല. എല്ലാകണക്കുകൂട്ടലും ഇരുട്ടും വെളിച്ചവും വച്ചുകൊണ്ട് മാത്രം.

ആദ്യ സൂര്യരശ്മി പതിക്കുന്നതിന് മുമ്പ് എല്ലാ മായൻ നിവാസികളും എവിടേക്കോ മറഞ്ഞു പോകുന്നു. മനുഷ്യർ മാത്രമല്ല ചിലപ്പോൾ സസ്യങ്ങളും ചില ജീവികളും. രാവിലെയായാൽ ഇവിടം തരിശാണ്. കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന മണൽത്തരികൾ. അതിനിടയിൽ ഞാൻ ആകെ കണ്ടത് മൂങ്ങയേയും ചെന്നായേയും മാത്രമാണ്. അവയാണെങ്കിൽ നിശബ്ദരും. മായനിലെ കാഴ്ചകളെ കുറിച്ച് പറയുന്നതിനു മുമ്പ് ഞാൻ ആരാണെന്ന് മനസ്സിലാക്കിയിരിക്കുന്നത് നന്നായിരിക്കും.

സിബാഹ എന്ന രാജ്യത്തിന്റെ ഉയർന്ന ഭരണദ്യോഗസ്ഥനായിട്ടാണ് ഞാൻ മായനിൽ എത്തുന്നത്. സ്ഥാനകയറ്റത്തോടെയുള്ള നിയമനമാണെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു പണിഷ്മെന്റ് ട്രാൻസ്ഫറാണ്. അല്ലെങ്കിൽ ഈ വിചിത്ര പ്രദേശത്തേക്ക് അവർ എന്നെ അയക്കില്ലായിരുന്നു. ഇവിടുത്തെ ജനങ്ങളെ കൊന്നൊടുക്കുക എന്ന നിസാരമായ പ്രവർത്തിയാണ് എനിക്ക് കൽപ്പിച്ചു കിട്ടിയത്. അതായത് മായൻ ചുട്ടെരിക്കപ്പെടണം. അത് എന്തിനുവേണ്ടിയെന്ന് ഞാൻ പറയുന്നില്ല. ഇത്തരം കോൺഫിഡെക്ഷൽ രഹസ്യങ്ങളെ പുറത്തു പറയാൻ എനിക്ക് നിർവാഹമില്ല. രാജകൽപ്പനയെ മറികടക്കാൻ എനിക്കാവില്ല എന്നത് തന്നെയാണ് സത്യം.

മെറ്റയെന്ന മായനിലെ പുരാതന ഗ്രന്ഥത്തിൽ ഇവരുടെ ആചാര രീതികളെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇവിടെ ദൈവങ്ങളില്ല മറിച്ച് വുഫോറിയൻ എന്ന സാത്താൻ പരിവേഷമുള്ള തവളകളെ ഇവർ ആരാധിച്ചുവരുന്നു. എന്തുകൊണ്ട് ദൈവത്തെ ആരാധിക്കുന്നില്ല എന്ന ചോദ്യത്തിനും ഇവരുടെ പക്കൽ ഉത്തരമുണ്ട്. ദൈവങ്ങൾ ജീവിതത്തിൽ ഐശ്വര്യം തരുന്നുണ്ട് എന്നാൽ ഇത്തരം ഐശ്വര്യസമൃദ്ധമായ ജീവിതം ഇവർ വെറുക്കുന്നു. പ്രതീക്ഷകളറ്റ ജീവിക്കുന്ന ഒരു സമൂഹത്തിന് ഐശ്വര്യം ഒരു ബാധ്യതയാണ്. ആഗ്രഹങ്ങളും ലക്ഷ്യങ്ങളും ഇല്ലാത്ത ഒരു കൂട്ടത്തിന് ആരാധനാമൂർത്തിയുടെ ആവശ്യമില്ലല്ലോ. എന്നാൽ എന്തുകൊണ്ട് വുഫോറിയൻ തവളകൾ എന്ന ചോദ്യത്തിന് പണ്ടൊരു നാടോടി കഥയോളം പഴക്കമുണ്ട്. ഇവരുടെ പൂർവികർ താമസിച്ചിരുന്ന ഇടങ്ങളിലേക്ക് മറ്റ പ്രദേശങ്ങളിൽ നിന്നുള്ള സാമ്രാജ്യത്തവാദികൾ കടന്നുകയറുകയും ഇവരെ അടിമകളായി മാറ്റുന്ന സമയത്താണ് ഇതിനെതിരെ പോരാടിയ 'സെനിക്ക്' എന്ന ബാലനെ പട്ടാളം ക്രൂരമായി ചിത്രവധം ചെയ്തത്. അവന്റെ മരണത്തിനു തൊട്ടുമുമ്പ് നീരു വച്ച ശരീരം തവളയെ പോലെയായി മാറി. അതിഭയങ്കര മണ്ഡൂകരൂപമായി മാറിയ ആ ബാലൻ അവിടെയുള്ള സൈനികരെ തന്റെ നാക്കുകൊണ്ട് വിഴുങ്ങി ഇല്ലാതെയാക്കി. പിന്നീട് എങ്ങോട്ടോ മറഞ്ഞുപോയി. അതിനുശേഷം അവർ കണ്ട ആ തവള രൂപത്തെ ഇന്നുവരെ ആരാധിച്ചു പോരുന്നു.

നഗ്നരായ മായൻ നിവാസികൾ അമാവാസി ദിവസം ലൈംഗിക അവയവങ്ങളിൽ പ്രത്യേക ഛായങ്ങൾ തേച്ച് പരസ്പരം ബന്ധപ്പെടുന്നതും ഇവരുടെ ആചാരത്തിന്റെ ഭാഗമാണ്. ഞാനിവിടെ എത്തുന്ന ദിനം മുതൽ ഇവരെല്ലാം പരിഭ്രാന്തരാണ്. ഇടയ്ക്കിടെ ഓപിയം കയറ്റാൻ വരുന്ന വണ്ടികൾ ഒഴിച്ചാൽ വഴിതെറ്റിപോലും ആരും ഇങ്ങോട്ടേക്ക് എത്താറില്ല. മായൻ നിവാസികൾ പ്രത്യക്ഷത്തിൽ ആർക്കും ദ്രോഹം ചെയ്യുന്നില്ല, സഹായവും. അതുകൊണ്ടു തന്നെ ഭരണകൂടത്തിന് തങ്ങളുടെ രാജ്യത്തിനുയാതൊരു നേട്ടവും ഉണ്ടാക്കിത്തരാത്ത, തങ്ങളുടെ നിയമങ്ങളെ ലംഘിക്കുന്ന ഈ വിഭാഗത്തോട് തികഞ്ഞ പുച്ഛവും വെറുപ്പുമാണ്.

മറ്റൊന്നു കൂടി പറയാം ഇവിടുത്തെ ജനങ്ങൾ ഒരു കാലത്ത് സിബാഹ രാജ്യത്തിന്റെ അഭിവാജ്യ ഘടകമായിരുന്നു. പിൽക്കാലത്ത് ഇവിടുത്തെ ജനങ്ങൾ രാജ്യത്തിന്റെ ഹൃദയഭാഗം വിട്ട് ഇവിടേക്ക് വന്ന് സ്ഥിരതാമസമാക്കി. മായനിലെ ജനങ്ങൾ നമ്മെ പോലെയല്ല. അവർ വ്യത്യസ്തരാണ്. എല്ലാ അർത്ഥത്തിലും.

ഇന്നീ രാജ്യത്തിന് ഇവരെ ആവശ്യമില്ല ഇവർ ജീവിച്ചിരിക്കുന്നത് രാജ്യത്തിന് എന്തോ അത്യാഹിതം പോലെയാണ്. അതുകൊണ്ടുതന്നെ ഇവരെ ഉന്മൂലനം ചെയ്യാൻ രഹസ്യ അജണ്ട തയ്യാറാക്കിയതും. മായനിലെ എന്റെ പകലുകൾ വിരസമായിരുന്നു. രാത്രികാലങ്ങളിൽ ഇവരുടെ ജീവിതം ഞാൻ കൗതുകത്തോടെ വീക്ഷിക്കാൻ തുടങ്ങി. ഓരോ ദിവസങ്ങൾ കഴിയുന്തോറും ഈ പ്രദേശം എന്നെ വരിഞ്ഞു മുറുക്കി കൊണ്ടേയിരുന്നു.

ഹെഡ് കോർട്ടേഴ്സിൽ നിന്നും മൂന്നാമത്തെ സന്ദേശവും എത്തി. ഇനിവച്ചു നീട്ടാൻ കഴിയില്ല എന്താണ് അവരുടെ അഭിപ്രായം. എനിക്ക് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ മറ്റൊരാളെ അവർ നിയമിക്കും. എന്നാൽ മായനിൽ നിന്ന് എനിക്കൊരു മടങ്ങി വരവ് ഉണ്ടാകില്ല. ഈ സാധുജനങ്ങളെ ഇല്ലാതാക്കാൻ കഴിയാത്തതു കൊണ്ട് തന്നെ ഞാൻ അവരോട് ഇവിടെനിന്ന് ഒഴിഞ്ഞു പോകാൻ ആവശ്യപ്പെട്ടു.

ഞാൻ രാജാവിന്റെ പ്രതിനിധി ആണെന്ന് അറിഞ്ഞപ്പോൾ തന്നെ അവർ ഈ നിമിഷം പ്രതീക്ഷിച്ചിരുന്നു. എന്നാൽ ആരും അവിടം വിടാൻ ഒരുക്കമായിരുന്നില്ല. പിറ്റേന്ന് രാത്രി വുഫോറിയന്റെ ചുറ്റും ഒത്തുകൂടിയ അവർ തങ്ങളുടെ പരമ്പരാഗത ആഘോഷങ്ങളിൽ ഏർപ്പെട്ടു. അവരുടെ വിധിയെ ഓർത്ത് എനിക്ക് വിഷമമുണ്ട്. നാളെ പകൽ മായൻ ഉറങ്ങുമ്പോൾ അവർ എത്തും. സൂര്യന്റെ ആദ്യ രശ്മി വീഴുമ്പോൾ ഇവിടം കത്തിയമരും.

നേരം പുലരാൻ മണിക്കൂറുകൾ മാത്രം ബാക്കി. അതുവരെ അവിടെ ഇല്ലായിരുന്ന തവളകൾ കൂട്ടമായി അവിടേക്ക് എത്തി കൂടെ സിലിയൻ എന്നറിയപ്പെടുന്ന രാജാവിന്റെ പട്ടാളവും. അവർ ഓരോ മായൻ നിവാസികളെയും ചങ്ങല കൊണ്ട് ബന്ധിച്ചു, ഒരുവരിയായി നിർത്തി. ആരും അതിനെ എതിർത്തില്ല. എന്റെ ആജ്ഞയ്ക്ക് വേണ്ടി വെടി കോപ്പകൾ നിരന്നു. ഉദിച്ചുവന്ന ആദ്യ സൂര്യരശ്മികൾ പതിച്ച് ബന്ധികളാക്കപ്പെട്ട മായൻ നിവാസികൾ നിലത്തു കിടന്നുരുണ്ടു. ചങ്ങലകൾ കടിച്ചു പൊട്ടിച്ചു. തവളകളെ പോലെ അവരുടെ ദേഹം രൂപാന്തരപ്പെട്ടു. പൊടുന്നനെ ചങ്ങലകളെ ബാക്കിയാക്കി എല്ലാ മായൻ നിവാസികളും അപ്രത്യക്ഷരായി.

പിന്നെയും രണ്ടുദിവസം കഴിഞ്ഞിട്ടാണ് ഞാൻ അവിടം വിടുന്നത്. മായൻ ഇന്ന് വിജനമാണ്. അവസാനത്തെ തവള പ്രതിമയെയും തകർക്കപ്പെട്ടിരിക്കുന്നു. ഒന്നുരണ്ട് ദിവസം അവരുടെ ഓർമ്മകൾ എന്നെ വേട്ടയാടി. എന്നാൽ ഇപ്പോൾ അതില്ല. രാത്രിയിൽ ഉണർന്നു രാവിലെ ഉറങ്ങുന്ന എന്റെ സ്വപ്നത്തിൽ ഇടയ്ക്കിടെ വുഫോറിയൻ തവളകൾ പ്രത്യക്ഷപ്പെടുന്നു.

## കഥയും കഥാപാത്രങ്ങളും

മാജിക്കൽ റിയലിസം എന്ന സാഹിത്യ ശാഖയെ ഉപജീവിച്ചുകൊണ്ട് ഉണ്ടായ ഒരു ചെറുകഥയാണ് മായൻ. വർത്തമാനകാല ഇന്ത്യയിലെ ഭരണകൂട ചെയ്തികളെ ഇവിടെ വരച്ചു കാട്ടുന്നു. സിബാഹ എന്ന സാങ്കൽപിക രാഷ്ട്രവും, ഭരണകൂടവും നമ്മുടെ ചുറ്റുപാടുമായി ഒട്ടേറെ സാമ്യ വ്യത്യാസങ്ങൾ ഉണ്ട്. ഭരണകൂടത്തിന്റെ പ്രവർത്തികളെ എതിർക്കുന്ന എന്തിനെയും വിരോധാഭാസമായി ചിത്രീകരിക്കുന്ന ഭരണ ഉദ്യോഗസ്ഥനും സ്വേച്ഛാധിപത്യം കാരണം ആദ്യം സ്വന്തം ഇടവും പിന്നീട് അസ്തിത്വവും നഷ്ടപ്പെടാൻ വിധിക്കപ്പെട്ട ഒരുകൂട്ടം ജനങ്ങളെ മായൻ പ്രതിനിധാനം ചെയ്യുന്നു. നീതിദേവത പോലുംകയ്യൊഴിഞ്ഞ ഇത്തരം അധഃസ്ഥവർഗ്ഗങ്ങൾക്ക് 'വുഫോറിയൻ' പ്രതീകങ്ങൾ മാത്രമേ ഇനി രക്ഷയ്ക്കായുള്ളൂ. മായൻ ഒരു പ്രതീകമാണ് ഭരണകൂട പ്രവർത്തികളിൽ ഇരയാക്കാൻ വിധിക്കപ്പെടുന്ന ഒരു കൂട്ടം നിശബ്ദ ജനങ്ങളുടെ ശബ്ദമാണ്. എതിർക്കുന്നവരെ ഇല്ലായ്മ ചെയ്യുന്ന സ്വാർത്ഥ ഭരണകൂടത്തിനെതിരെ ഞാൻ ഈ കഥ സമർപ്പിക്കുന്നു. ആയിരം ആൾക്കാരെ കൊന്നാലും അവസാനം അവരുടെ ആശയങ്ങൾ നമ്മുടെ മനസ്സിലേക്ക് കടന്നുവരും അവ ചിരഞ്ജീവിയായി നിലനിൽക്കും എന്ന സന്ദേശം കഥയുടെ അവസാന ഭാഗത്ത് കൂട്ടിച്ചേർക്കുന്നുണ്ട്.

□

## ഹരികൃഷ്ണൻ കടമാൻകോട്



കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ കടമാൻകോട് എന്ന ഗ്രാമത്തിൽ ജനനം. സർക്കാർ കലാലയം നെടുമങ്ങാടിൽ നിന്ന് മലയാളഭാഷയിൽ ബിരുദവും, കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ നിന്ന് ബിരുദാനന്തരബിരുദവും നേടി.

### എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

HARI KRISHNAN

UPI ID: harikdmc01@okaxis

Scan to pay with any UPI app

Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യു. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യുആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യുആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യുആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014